(ബി) ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഞായലിൽ കോളനി, കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തോപ്പിൽ കോളനി എന്നിവ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഞായലിൽ കോളനിയിലെ നിർമ്മാണ പ്രവൃത്തികളിൽ 90% പൂർത്തിയായിട്ടുണ്ട്. കളം നവീകരിക്കുന്നതിന്റെ ഭാഗമായുള്ള സൈഡ് വാൾ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

തോപ്പിൽ കോളനിയിൽ 50% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി കോളനികളുടെ നവീകരണം

211 (†2420) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എഴുമാന്തുരുത്ത് പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്, ഫയൽ നമ്പർ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോർപസ് ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇതിനുപുറമെ സ്വയംപര്യാപ്ത

---

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമം, ഗാന്ധി ഗ്രാമം പദ്ധതികൾ മുഖേന കോളനിക്കുള്ളിലെ റോഡ്/നടപ്പാത യുടെ നിർമ്മാണം, ഡ്രെയിനേജ് സൗകര്യങ്ങൾ, കുടിവെള്ള പദ്ധതികൾ, വൈദ്യുതീകരണം, ബയോഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റിഹാൾ/ഓഡിറ്റോറിയം, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു. ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിക്കുന്നത്.

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മേൽപ്പറഞ്ഞ പദ്ധതികൾ പ്രയോജനപ്പെടുന്നതാണ്. കോളനികളിലെ വീടുകൾ പുനരുദ്ധരിക്കു ന്നതിനായി മാത്രം പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ എല്ലാ പട്ടികജാതിക്കാരുടെയും 7 വർഷത്തിലധികമുള്ളതും 25 വർഷത്തിൽ കവിയാത്ത പഴക്കമുള്ളതുമായ വീടുകളുടെ പുനരുദ്ധാരണത്തിന് 50000-രൂപ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

(സി) എഴുമാന്തുരുത്ത് കോളനിയിലെ റോഡ്, തോടിന്റെ സംരക്ഷണഭിത്തി, സ്ഥലം മണ്ണിട്ടുയർത്തൽ എന്നിവയുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ ഫീസിബിലിറ്റി ആണെങ്കിലും വീടിനു ചുറ്റും മണ്ണിടിച്ചുയർത്തുക, തോടിന്റെ സൈഡ് കരിങ്കൽ ഭിത്തി കെട്ടുക എന്നീ പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി യിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച എ 5-2907/15-ാം നമ്പർ ഫയൽ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസിലാണ്. എഴുമാന്തുരുത്ത് പട്ടികജാതി കോളനിയിൽ അടിസ്ഥാന സൗകര്യത്തിനായി ജില്ലാ പഞ്ചായത്ത് വികസന പദ്ധതിയിൽ റോഡ് നിർമ്മിച്ചു നൽകിയിട്ടുണ്ട്.

കാസർഗോഡ് പട്ടികജാതി കോളനികൾ മോഡൽ കോളനികളാക്കി മാറ്റാൻ പദ്ധതി

212 (2421) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് പട്ടികജാതി കോളനികൾ മോഡൽ കോളനികളാക്കി മാറ്റുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് ലഭിച്ച പരാതികൾക്ക് എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly